മലയാള മനോരമ
ESTABLISHED 1888

15 March 2018

# മൽസ്യ മേഖലയുടെ വികസനം: ആഫ്രോ - ഏഷ്യൻ ശിൽപശാലയ്ക്കു തുടക്കം

കൊച്ചി • തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഭക്ഷ്യഭദ്രത ഉറപ്പു വരുത്തുന്നതിലും കാർഷിക-മൽസ്യ മേഖലകൾ തന്നെയാണു മുന്നിട്ടു നിൽക്കുന്നതെന്ന് ആഫ്രിക്കൻ ഏഷ്യൻ റുറൽ ഡവലപ്മെന്റ് ഓർഗനൈസേഷൻ (എഎആർഡിഒ) സെക്രട്ടറി ജനറൽ വാസി ഹസൻ അൽ ഖ്രൈഷൻ. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) 13 ആഫ്രോ -ഏഷ്യൻ രാജ്യങ്ങൾ പങ്കെടുക്കുന്ന രാജ്യാന്തര ശിൽപശാലയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

തൊഴിലവസരങ്ങൾ, ഭക്ഷ്യ സുരക്ഷ എന്നിവ പരിഗണിക്കുമ്പോൾ കാർഷിക, അനുബന്ധ മേഖലകളാണ് മിക്ക ആഫ്രോ -ഏഷ്യൻ രാജ്യങ്ങളുടെയും സമ്പദ്ഘടനയുടെ ആണിക്കല്ല്. പെരുകി വരുന്ന പ്രകൃതി ദുരന്തങ്ങളുടെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും പശ്ചാത്തലത്തിൽ ഭക്ഷ്യഭദ്രതയും പോഷക സുരക്ഷയും ഉറപ്പുവരുത്തുകയെന്നത് ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണെന്നും അദ്ദേഹം പറഞ്ഞു.

ആഗോളതലത്തിൽ കാർഷിക മേഖലയിലെ ഉൽപാദനം 2050 ആകുമ്പോഴേക്കും 60% വർധിപ്പിക്കേണ്ടി വരും. ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളിൽ ഇത് 100% ആയിരിക്കും. ജനസംഖ്യാനുപാതത്തിൽ ആവശ്യമായ ഭക്ഷ്യോൽപാദനം ഉറപ്പുവരുത്തുന്നതിന് മൽസ്യ മേഖലയ്ക്ക് വലിയ പങ്കുണ്ട് -അദ്ദേഹം പറഞ്ഞു.

ദൈനംദിന പോഷകാഹാരക്രമങ്ങളിൽ മൽസ്യത്തിന്റെ പ്രാധാന്യം വർധിച്ചിരിക്കുകയാണെന്നു ശിൽപശാല ഉദ്ഘാടനം ചെയ്ത കുഫോസ് വൈസ്ചാൻസലർ ഡോ. എ. രാമചന്ദ്രൻ പറഞ്ഞു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി.

എആർഡിഒ ഗവേഷണ വിഭാഗം മേധാവി ഡോ. ഖുഷ്നുദ് അലി, ഡോ. ഇമൽഡ ജോസഫ്, ഡോ. സോമി കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.




സിഎംഎഫ്ആർഐയിൽ നടന്ന രാജ്യാന്തര ശിൽപശാല കുഫോസ് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. ഖുഷ്നുദ് അലി, വാസി ഹസൻ അൽ ഖ്രൈഷൻ, ഡോ. ഇമെൽഡ ജോസഫ് എന്നിവർ സമീപം.

കേന്ദ്ര ഗ്രാമവികസന മന്ത്രാലയവുംഎഎആർഡിഒയുംതമ്മിലുള്ള രാജ്യാന്തര സഹകരണത്തിന്റെ ഭാഗമായുള്ള ശിൽപശാല രണ്ടാഴ്ച നീളും. ഇന്ത്യൻ മൽസ്യ മേഖലയിലെ ഗവേഷണ-വികസന മേഖലകളിൽ പ്രതിനിധികൾക്കു പരിശീലനം നൽകും.

സമുദ്ര മൽസ്യ പരിപാലനം, സമുദ്ര പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ഉത്തരവാദിത്തപൂർണ മൽസ്യബന്ധനം, സമുദ്ര കൃഷി തുടങ്ങിയ വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വിദഗ്ധർ ക്ലാസുകൾ നയിക്കും.

ഹാർബറുകളിലും മൽസ്യ കൃഷിയിടങ്ങളിലും സന്ദർശനവും നടത്തും.